# പതിന്നാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.796 01-03-2017-ൽ മറുപടി നൽകേണ്ടിയിരുന്നത്

**പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളേജുകളിൽ അഡ്മിഷൻ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.കെ.രാമചന്ദ്രൻ നായർ** | | **ശ്രീ. എ.കെ.ബാലൻ**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളേജുകളിൽ നീക്കിവെച്ചിട്ടുള്ള മുഴുവൻ സീറ്റുകളിലേക്കും 2016-17 വർഷം അഡ്മിഷൻ നടന്നിട്ടുണ്ടോ എന്ന് വിശദീകരിക്കുമോ ; | എ) | കേരള എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ മെഡിക്കൽ 2016 പ്രകാരം നടത്തിയ എൻട്രൻസ് പരീക്ഷയിൽ മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നീക്കിവച്ചിരുന്ന മുഴുവൻ സീറ്റുകളിലേക്കും 2016-2017 വർഷം പ്രവേശനം നൽകിയിട്ടുണ്ട്.<br>എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോഴ്സുകളിൽ ഓപ്ഷനുകളുടെ അഭാവത്തിൽ പട്ടികജാതി കാറ്റഗറിയിലെ എല്ലാ സീറ്റുകളും നികത്താൻ കഴിഞ്ഞില്ല. പ്രോസ്പെക്ടസ് വ്യവസ്ഥകൾ പ്രകാരം ഒഴിവുള്ള സീറ്റുകൾ കൺവർട് ചെയ്തിട്ടുണ്ട്. |
| ബി) | പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ പട്ടികജാതിവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ പിൻതള്ളപ്പെടുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) | എങ്കിൽ ഇപ്രകാരം പിൻതള്ളപ്പെടാതിരിക്കുവാൻ 10-ാം ക്ലാസ്സു മുതൽ ടി വിഭാഗത്തിലുള്ള കുട്ടികൾക്ക് ഓറിയന്റേഷൻ ക്ലാസ്സുകൾ നൽകുന്ന പദ്ധതി സർക്കാർ ആലോചിക്കുമോ ? | സി) | എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും ബി+-ൽ കുറയാത്ത ഗ്രേഡ് വാങ്ങി പാസ്സായി +2വിന് സയൻസ് ഗ്രൂപ്പിൽ പ്രവേശനം നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് 2 വർഷത്തെ മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനത്തിനായി 20,000/-രൂപ അനുവദിച്ചു നൽകുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള 4 പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകളിൽ പ്രത്യേക കോച്ചിംഗ് ക്ലാസ്സുകളും നൽകുന്നുണ്ട്.<br>10-ാം ക്ലാസ്സുമുതൽ ടി വിഭാഗത്തിലുള്ള കുട്ടികൾക്ക് ഓറിയന്റേഷൻ ക്ലാസുകൾ നൽകുന്ന കാര്യത്തിൽ ഉചിതമായി നടപടി സ്വീകരിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ